# ദീർഘവീക്ഷണം ഇല്ലാതായാൽ...

രാജ്യത്തു മൂർഖൻ പാമ്പിന്റെ ഉപദ്രവം ശക്തമായി. അനേകർ കടിയേറ്റു മരിച്ചപ്പോൾ രാജാവ് ഒരു പദ്ധതി പ്രഖ്യാപിച്ചു. മൂർഖൻ പാമ്പിന്റെ തോലുമായി വരുന്നവർക്ക് പാരിതോഷികം നൽകും. പാമ്പുകളെ ജനങ്ങൾതന്നെ കൊന്ന് പരിഹാരം കാണുമെന്നായിരുന്നു രാജാവിന്റെ പ്രതീക്ഷ. പക്ഷേ, പണം കിട്ടുമെന്നു മനസ്സിലാക്കിയ ജനം പാമ്പുകളെ വളർത്തി തോലെടുത്തു വിൽക്കാൻ തുടങ്ങി. അപകടം മനസ്സിലാക്കിയ രാജാവ് സമ്മാനപദ്ധതി പിൻവലിച്ചു. വളർത്തിയിരുന്ന പാമ്പിൻകുഞ്ഞുങ്ങളെ എന്തുചെയ്യുമെന്നറിയാതെ ജനം കുഴങ്ങി. അവർ പാമ്പുകളെ കൂടുതുറന്ന് പുറത്തേക്കു വിട്ടു.



ദീർഘവീക്ഷണമില്ലാത്തവരുടെ ഹ്രസ്വകാല പദ്ധതികൾ അവർക്കും നാടിനും ബാധ്യതയാകും. താൻ വിദഗ്ധനാണെന്നും മികച്ച നേതാവാണെന്നും തെളിയിക്കാൻ നടത്തുന്ന താൽക്കാലിക കൺകെട്ടുവിദ്യകളുടെ ഭാരം പേറേണ്ടിവരുന്നത് വരുംതലമുറയാണ്. തൽസമയ മേധാവിമാരുടെ മികവു തെളിയിക്കൽ കർമങ്ങൾക്കിടയിൽപ്പെട്ട് ശ്വാസംമുട്ടി മരിക്കുന്ന പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമുണ്ട്. എല്ലാ സംരംഭങ്ങൾക്കും വേണ്ടത് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ്. അതു സാധ്യമാക്കാൻ നേതൃത്വം നൽകുന്ന താൽക്കാലിക മേൽനോട്ടക്കാർ മാത്രമാണ് ഓരോ ഭരണാധികാരിയും. മരം വയ്ക്കാനിഷ്ടമുള്ള അധികാരിയും മരം വെട്ടിക്കളയാനിഷ്ടമുള്ള അധികാരിയും തമ്മിലുള്ള ശീതയുദ്ധത്തിൽ തകരാനുള്ളതല്ല ആവാസവ്യവസ്ഥ.

ഓരോ ഇടത്തിനും എന്താണു വേണ്ടതെന്നും അവിടുത്തെ പ്രശ്നത്തിന് എന്താണു ശാശ്വത പരിഹാരമെന്നും തിരിച്ചറിഞ്ഞ് പടിപടിയായി അവ നടപ്പിൽ വരുത്താനുള്ള പരിശ്രമമാണ് ഏതു സമൂഹത്തിന്റെയും നിലനിൽപു തീരുമാനിക്കുന്നത്.

ഒരു സമൂഹവും തങ്ങളുടെ നേതാവിന്റെ ദീർഘദൃഷ്ടിക്കപ്പുറത്തേക്കു വളരില്ല. അതുകൊണ്ട് തലപ്പത്തിരിക്കുന്നവർക്കെല്ലാം പ്രവർത്തനക്ഷമതയുള്ള തലച്ചോറുണ്ടാകണം. അവരുടെ തീരുമാനങ്ങൾക്കു നിലവിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരശേഷിയും ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നേരിടാനുള്ള പ്രതിരോധശേഷിയും ഉണ്ടാകണം. അധികാരികൾ പലവിധമുണ്ട്. ചിലർ അപ്പോഴത്തെ പ്രശ്നങ്ങൾക്കു പരിഹാരം കാണും. പാർശ്വഫലങ്ങളെക്കുറിച്ചുപോലും ചിന്തിക്കില്ല. ചിലർ വരുംകാല പ്രശ്നങ്ങളെയും മുൻകൂട്ടികണ്ട് തീരുമാനമെടുക്കും. ബുദ്ധിയും വിവേകവുമുള്ള നേതാക്കൾ സമൂഹത്തിന്റെ അവകാശമാണ്.

# തിരഞ്ഞെടുക്കാൻ പഠിക്കാം

ആഗ്രഹിച്ചതെല്ലാം നേടിയെങ്കിലും ജീവിതത്തിൽ സന്തോഷമില്ല എന്ന പരാതിയുമായി അയാൾ സന്യാസിയുടെ അടുത്തെത്തി. സന്യാസി അയാളുടെ കയ്യിൽ മണ്ണുകൊണ്ടും ഗ്ലാസ് കൊണ്ടും റബർ കൊണ്ടും ഉണ്ടാക്കിയ ഓരോ പന്ത് നൽകിയിട്ടു പറഞ്ഞു: നിങ്ങൾ ഈ പന്തുകൾകൊണ്ട് അമ്മാനമാടണം. ഒരു പന്ത് എപ്പോഴും വായുവിലുണ്ടാകണം. ഗ്ലാസ് പന്തും റബർ പന്തും കയ്യിലും മൺപന്ത് വായുവിലുമുള്ള സമയത്ത് അയാൾക്കു നിയന്ത്രണം നഷ്ടപ്പെട്ടു. മൺപന്ത് താഴെവീഴും എന്നുറപ്പായപ്പോൾ അയാൾ കയ്യിലുള്ള റബർ പന്ത് താഴെയിട്ടു മൺപന്ത് പിടിച്ചു. സന്യാസി ചോദിച്ചു: നിങ്ങളെന്താണ് റബർ പന്ത് ഉപേക്ഷിച്ച് മൺപന്ത് പിടിച്ചത്? അയാൾ പറഞ്ഞു: രണ്ടു പന്തുകൾ മാത്രമേ കയ്യിൽ നിൽക്കു എന്നു മനസ്സിലായപ്പോൾ താഴെ വീണാലും പൊട്ടാത്ത റബർ പന്ത് കൈവിട്ടു. സന്യാസി പറഞ്ഞു: നിങ്ങളുടെ പ്രശ്നത്തിനു പരിഹാരമായി. മൺപന്ത് കുടുംബവും ചില്ലുപന്ത് തൊഴിലും റബർപന്ത് ആഡംബരവുമാണ്. റബർ പന്തിനു മൂന്നാം സ്ഥാനം നൽകുക.



പലതരം സാധ്യതകളുടെ ഇടയിലൂടെയാണ് എല്ലാവരും നടന്നു നീങ്ങുന്നത്. എന്തിനെ സ്വീകരിക്കുന്നു, എന്തിനെ തിരസ്കരിക്കുന്നു എന്നതാണ് സഞ്ചരിക്കുന്ന ദൂരത്തിന്റെയും എത്തിച്ചേരുന്ന സ്ഥലത്തിന്റെയും ഗുണനിലവാരം തീരുമാനിക്കുന്നത്. ഓരോ തിരഞ്ഞെടുപ്പും ഒരേ സമയം സ്വീകരണവും നിരാകരണവുമാണ്. പലതിൽ ഒന്നിനെ എടുക്കുമ്പോൾ മറ്റുള്ളവയെയെല്ലാം വേണ്ടെന്നു വയ്ക്കണം. ഒന്നിനെ സ്വീകരിക്കുന്നതിനെക്കാൾ വിഷമകരമാണ് പലതിനെ തിരസ്കരിക്കൽ.

ഇഷ്ടമുള്ള ഒന്നിനുവേണ്ടി ഇഷ്ടമില്ലാത്ത പലതിനെ ഒഴിവാക്കുന്നതുപോലെ എളുപ്പമല്ല ഇഷ്ടമുള്ള പലതിൽ നിന്ന് ഒരെണ്ണം മാത്രം സ്വന്തമാക്കാൻ.

പ്രിയപ്പെട്ട പല വസ്ത്രങ്ങളിൽ നിന്ന് ഒന്ന് എടുക്കേണ്ടി വരുന്ന കുട്ടിയും പല തൊഴിലവസരങ്ങളിൽനിന്ന് ഒന്നിനു മാത്രം കൈകൊടുക്കുന്ന ഉദ്യോഗാർഥിയും അനുഭവിക്കുന്നത് ഒരേ മാനസിക സംഘർഷമാണ്. സ്വത്തിനു പ്രാധാന്യം നൽകുന്നവരുടെയും സമ്പത്തിനു പ്രാധാന്യം നൽകുന്നവരുടെയും തിരഞ്ഞെടുപ്പുകളിൽ വ്യത്യാസമുണ്ട്. നിറം നോക്കുന്നവരുടെയും ഗുണം നോക്കുന്നവരുടെയും ശേഖരം ഒരിക്കലും ഒരുപോലെയാകില്ല.

# കഥയറിഞ്ഞാകട്ടെ ആട്ടം

രാജസദസ്സിൽ ദേഷ്യത്തോടെയിരിക്കുന്ന അക്ബറിനെ കണ്ടാണ് ബീർബലിന്റെ വരവ്. കാര്യമന്വേഷിച്ചപ്പോൾ രാജാവ് പറഞ്ഞു: ഉറക്കത്തിൽ എന്റെ താടിയിൽപിടിച്ച് ആരോ വലിച്ചു. അയാൾക്ക് എന്തു ശിക്ഷ കൊടുക്കണം. സ്തുതിപാഠകർ പലവിധ ശിക്ഷകൾ വിധിച്ചു. തലവെട്ടണം, തൂക്കിലേറ്റണം, ജീവപര്യന്തം തടവ് വേണം തുടങ്ങിയ അഭിപ്രായങ്ങൾ വന്നു. എല്ലാംകേട്ട ബീർബൽ പറഞ്ഞു: അയാൾക്ക് ഒരു പാക്കറ്റ് മിഠായി നൽകിയാൽ മതി. അദ്ഭുതത്തോടെ നിൽക്കുന്ന രാജാവിനോടും മന്ത്രിമാരോടുമായി ബീർബൽ തുടർന്നു: രാജാവിന്റെ താടിയിൽ പിടിക്കാൻ ധൈര്യമുള്ള ഏകയാൾ അദ്ദേഹത്തിന്റെ മകനാണ്. രാജാവുറങ്ങിയപ്പോൾ തമാശയ്ക്ക് അവൻ താടിയിൽ പിടിച്ചതായിരിക്കും. രാജാവ് പറഞ്ഞു: താങ്കളാണ് ശരി.



കാര്യമെന്തെന്നറിയാതെ നടത്തുന്ന അഭിപ്രായപ്രകടനങ്ങളിൽത്തട്ടി തകർന്നുവീഴുന്ന അനേകം ജീവിതങ്ങളുണ്ട്. തനിക്കിഷ്ടമുള്ള വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമാണ് ഓരോരുത്തരും നൽകുന്നത്. നിരൂപകരും വിമർശകരും പുലർത്തേണ്ട ചില സാമാന്യ മര്യാദകളുണ്ട്. പറയുന്നവയെക്കുറിച്ചു നേരിട്ടറിവും അനുഭവവും ഉണ്ടാകണം. കേട്ടറിവുകളിൽ വീര്യവ്യത്യാസവും മാലിന്യവും കണ്ടേക്കാം. പ്രതിപാദിക്കുന്ന വിഷയത്തിൽ വിശകലനശേഷിയുണ്ടാകണം. സംഭവങ്ങളെ മാത്രമല്ല, അവയ്ക്കുള്ള കാരണങ്ങളെയും അടുത്തറിയണം. ആളുകളോടുള്ള മുൻവിധി അവർ ചെയ്യുന്ന എല്ലാ കർമങ്ങളോടുമുണ്ടാകരുത്. എന്തിനോടെങ്കിലുമുള്ള മമതയാണ് എല്ലാ വിധിന്യായങ്ങളുടെയും നിഷ്പക്ഷത റദ്ദാക്കുന്നത്. തെളിഞ്ഞ മനസ്സോടെ സമീപിക്കാനും തുറന്ന മനസ്സോടെ പ്രതികരിക്കാനും തയാറായാൽ എല്ലാ സംഭവങ്ങളും അവയർഹിക്കുന്ന ബഹുമാനത്തോടെ പരിഗണിക്കപ്പെടും.

സ്വതന്ത്ര ചിന്തയുള്ളവർക്കു മാത്രമാണ് സ്വന്തമായ കാഴ്ചപ്പാടും അഭിപ്രായങ്ങളുമുണ്ടാകുക. അല്ലാത്തവർ ഭൂരിപക്ഷത്തിനൊപ്പമോ അധികാരത്തിന്റെ കൂടെയോ നിൽക്കും.

അധികാരത്തിലിരിക്കുന്നവർക്കൊപ്പം നിന്നാൽ, അവരുടെ വീക്ഷണങ്ങളെ പിന്തുണച്ചാൽ അർഹിക്കുന്നതിനെക്കാൾ വലിയ അംഗീകാരങ്ങൾ ലഭിക്കും. അത്തരം ഉപജാപക വൃന്ദങ്ങളാണ് അധികാരശ്രേണിയെ അന്ധമാക്കുന്നത്.

തനിക്കു പറയാനുള്ളത് തന്റേടത്തോടെ പറയാൻ കഴിയുന്നവർക്കു മാത്രമാണ് പക്ഷഭേദമില്ലാത്ത വ്യാഖ്യാനങ്ങൾ നൽകാനാകുക. യുക്തിസഹമല്ലാത്ത വിലയിരുത്തലുകൾ അപകടകരമായ തീരുമാനങ്ങളിലേക്ക് നയിക്കും.

**ശുഭദിനം** 13-03-2023

# അബദ്ധധാരണകൾ ആപത്ത്



ആർക്കും തോൽപിക്കാനാകാത്ത മികച്ച പടയാളി ആയിരുന്നു അദ്ദേഹം. തന്റെ കാലശേഷവും തന്റെ വൈദഗ്ധ്യമുള്ള ഒരു പടയാളി വേണമെന്നാഗ്രഹിച്ച് രാജ്യത്തെ യുവാക്കൾക്ക് അദ്ദേഹം പരിശീലനം നൽകാൻ തുടങ്ങി. അതിൽ ഏറ്റവും മിടുക്കനായ ആളെ കണ്ടെത്തി ആ യുവാവിനു തന്റെ മികവു മുഴുവൻ അദ്ദേഹം കൈമാറി. വർഷങ്ങൾക്കുശേഷം യുവാവിനു ഗുരുവിനെ തോൽപിച്ച് പേരെടുക്കണമെന്ന ആഗ്രഹം തോന്നി. ഗുരു വെല്ലുവിളി സ്വീകരിച്ചു. പരസ്യപോരാട്ടത്തിന്റെ സമയമടുക്കുംതോറും ശിഷ്യനു സമ്മർദമേറി. തന്നെ പഠിപ്പിക്കാത്ത എന്തെങ്കിലും അടവ് ഉപയോഗിച്ചു ഗുരു തന്നെ തോൽപിക്കുമോ. ഒരു ദിവസം ഗുരു ഇരുമ്പുപണിക്കാരന്റെ അടുത്തെത്തി 15 അടി നീളമുള്ള വാളുറ പണിയുന്നതു ശിഷ്യൻ കണ്ടു.

അത്രയും നീളമുള്ള വാളുപയോഗിച്ച് തന്നെ ദൂരെനിന്നു കൊല്ലാനാണ് ശ്രമമെന്നു കരുതി ശിഷ്യൻ 16 അടി നീളമുള്ള വാളും ഉറയും ഉണ്ടാക്കി. മത്സരദിവസം ഞൊടിയിടയിൽ ഗുരു വാളൂരി ശിഷ്യന്റെ കഴുത്തിൽ വച്ചു. ശിഷ്യൻ അപ്പോഴും തന്റെ നീളമുള്ള വാൾ ഉറയിൽ നിന്ന് ഊരാനുള്ള ശ്രമത്തിലായിരുന്നു. വലിയ ഉറയിൽ ഗുരു ഇട്ടിരുന്നത് സാധാരണ വാൾ ആയിരുന്നു.

അബദ്ധധാരണകളായിരിക്കും അനുഭവങ്ങളില്ലാത്തവരുടെ ഭ്രമണപഥം. പരിശീലനക്കളരികളിൽനിന്നു ലഭിക്കുന്നത് അടിസ്ഥാന അറിവ് മാത്രമാണ്. വൈദഗ്ധ്യം സ്വയം ശിക്ഷണത്തിലൂടെ രൂപപ്പെടുന്നതാണ്. ബാലപാഠങ്ങളിൽ ചവിട്ടിനിന്ന് അവനവൻ ആർജിക്കേണ്ടതാണ് പ്രാഗല്ഭ്യം. അതു സ്വന്തം അഭിരുചിക്കും മെയ്വഴക്കത്തിനും ആവശ്യങ്ങൾക്കുമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

മുന്നേറാനുള്ള മാർഗങ്ങളും പ്രതിരോധിക്കാനുള്ള മാർഗങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. ശരീരപ്രകൃതിക്കനുസരിച്ചും മാനസിക നിലയ്ക്കനുസരിച്ചും അടവുകൾ മാറേണ്ടി വരാം. അപരൻ വിജയിച്ച മേഖലകളും വഴികളും കണ്ടെത്തി അതുപോലെ യാത്ര ചെയ്യുന്നവർക്കെല്ലാം അതേ അനുഭവങ്ങൾ ഉണ്ടാകണമെന്നില്ല. എന്തെങ്കിലുമറിഞ്ഞാൽ എല്ലാമറിഞ്ഞു എന്ന ചിന്തയാണ് തുടർപഠനങ്ങളെ നിരോധിക്കുന്നത്. ഓരോ അറിവും കൊടുമുടിയുടെ അഗ്രമായി വ്യാഖ്യാനിക്കുന്നവർ തങ്ങളുടെ പഠനം ആദ്യപടിയിൽത്തന്നെ അവസാനിപ്പിക്കും. പാഠങ്ങളെല്ലാം തുടരന്വേഷണത്തിന്റെ പടവുകളായി കരുതുന്നവർ മാത്രമാണ് അനുഭവങ്ങളിലേക്ക് സഞ്ചരിക്കുക.

# നടുക്കടലിലെ നൗകകൾ

വലയിലകപ്പെട്ട പൂച്ചയെ അയാൾ രക്ഷിക്കാനൊരുങ്ങി. അതിനിടെ പൂച്ച അയാളുടെ കയ്യിൽ മാന്തി. കയ്യിൽ രക്തം പൊടിഞ്ഞു. എന്തിന് അനാവശ്യ കാര്യങ്ങളിൽ ഇടപെടുന്നു എന്നു കരുതി പിന്മാറാനൊരുങ്ങിയ അയാളോടു കാഴ്ചക്കാരൻ പറഞ്ഞു: എത്ര തവണ ശ്രമിച്ചിട്ടാണെങ്കിലും ആ പൂച്ചയെ രക്ഷിക്കണം. അതിനു നിങ്ങളെയും ഭയമാണ്. അയാൾ പിന്നെയും ശ്രമിച്ചു. പല പ്രാവശ്യമായപ്പോൾ അയാൾ അപകടകാരിയല്ലെന്നു പൂച്ചയ്ക്കു പിടികിട്ടി. അടുത്ത ശ്രമത്തിൽ അയാൾ പൂച്ചയെ രക്ഷിച്ചു.



അനുസരണക്കേട് കാട്ടുന്നവരെല്ലാം നീചരാകണമെന്നു നിർബന്ധമില്ല. അജ്ഞതയും നിസ്സഹായതയും കാരണമാകാം. ആഗ്രഹമുണ്ടായിട്ടും തിരുത്താനാകാത്ത എത്രയോ പേരുണ്ടാകും. പിന്മാറാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന സുഖനഷ്ടവും പിന്തിരിയാൻ പ്രേരിപ്പിക്കുന്നവരോടുള്ള ദേഷ്യവും അവരെ കയത്തിൽത്തന്നെ കിടക്കാൻ പ്രേരിപ്പിക്കും. രക്ഷാമാർഗം കാണുമ്പോൾത്തന്നെ തിരിച്ചുകയറാനുള്ള വിവേകവും ധൈര്യവും ഉണ്ടായിരുന്നെങ്കിൽ അവർ അവിടെ അകപ്പെടുകയോ അകപ്പെട്ടിടത്ത് തുടരുകയോ ഇല്ലായിരുന്നു.

രക്ഷാപ്രവർത്തനങ്ങൾക്കു മാനദണ്ഡങ്ങളുണ്ടാകരുത്. ഞങ്ങൾ മൂന്നുതവണ ശ്രമിക്കും, അതിനുള്ളിൽ നീ രക്ഷപ്പെടണം, രക്ഷപ്പെട്ടാൽ പിന്നെ പഴയ അവസ്ഥയിലേക്കു മടങ്ങരുത്, ഞാൻ നടത്തിയ രക്ഷാകർമത്തിന് എന്നോടെന്നും കൃതജ്ഞതയുണ്ടായിരിക്കണം, ഇനി ഞാൻ പറയുന്നതുപോലെയേ നീങ്ങാവൂ തുടങ്ങിയ വ്യവസ്ഥകളിലൂടെ നടത്തുന്ന പുനരുജ്ജീവന പ്രവർത്തനങ്ങളെല്ലാം പ്രതിഫലത്തിലും പ്രതിഛായയിലും അധിഷ്ഠിതമാണ്. പരോപകാരിയെന്ന പേര് മാനനഷ്ടമോ ശാരീരിക ക്ഷീണമോ ഇല്ലാതെ സമ്പാദിക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. സ്വന്തം സൗകര്യങ്ങളുടെ വേലിക്കെട്ടിനുള്ളിൽ നിന്നാണ് ഭൂരിഭാഗം പേരും അത്തരം കർമങ്ങളിലേർപ്പെടുക.

സ്വന്തം ഇഷ്ടങ്ങളെയും മുൻഗണനകളെയും കുറച്ചെങ്കിലും ബലികഴിക്കുന്നവർക്കു മാത്രമാണ് അപരന്റെ ജീവിതം മനസ്സിലാക്കാനാകുക.

മെത്തയിൽ കിടക്കുന്ന അട്ടയില്ല എന്നു വിശ്വസിക്കുന്നതിനൊപ്പം മെരുങ്ങാനറിയാത്ത ആളുകളുമില്ല എന്നുകൂടി വിശ്വസിക്കണം. അവർക്ക് അവസരങ്ങൾ നൽകണം, രക്ഷകർ മടുക്കുന്നതുവരെയല്ല, അവർ രക്ഷപ്പെടുന്നതുവരെ. രക്ഷപ്പെടാനാകാത്ത വിധം ഒരാളും ഒരിടത്തും അകപ്പെടില്ല. അർഹിക്കുന്ന അനുകമ്പയോടെ കൂടെനിൽക്കാൻ ഒരാളെങ്കിലും ഉണ്ടായിരുന്നെങ്കിൽ തീരം കണ്ടെത്തുമായിരുന്ന ഒട്ടേറെ ജീവിത നൗകകൾ ഇപ്പോഴും നടുക്കടലിൽ അലയുന്നുണ്ടാകും.

# ജീവിതത്തിന്റെ രസച്ചരടുകൾ



മന്ത്രിയുടെ കഴിവിൽ അസംതൃപ്തനായിരുന്ന രാജാവ് അയാളെ തൂക്കിലേറ്റാൻ വിധിച്ചു. ഈ സമയം മന്ത്രി തന്റെ വീട്ടിൽ ജന്മദിനം ആഘോഷിക്കുകയായിരുന്നു. സേവകർ എത്തി രാജകൽപന വായിച്ചപ്പോൾ എല്ലാവരുടെയും പാട്ടും നൃത്തവും നിലച്ചു. പക്ഷേ, മന്ത്രി തന്റെ നൃത്തം തുടർന്നു. വായിച്ചതു കേൾക്കാത്തതുകൊണ്ടെന്നു കരുതി അവർ കൽപന വീണ്ടും വായിച്ചെങ്കിലും മന്ത്രി നൃത്തം തുടർന്നു.

സംഭവിച്ചതെല്ലാം കേട്ട രാജാവ് മന്ത്രിയുടെ വീട്ടിലെത്തി. അപ്പോഴും മന്ത്രി നൃത്തം ചെയ്യുന്നുണ്ടായിരുന്നു. രാജാവ് ചോദിച്ചു: നിങ്ങൾക്കു ശിക്ഷയെന്തെന്നു മനസ്സിലായില്ലേ? മന്ത്രി പറഞ്ഞു: എനിക്ക് അങ്ങയോടു നന്ദിയുണ്ട്. ജനിച്ച ദിവസം തന്നെ മരിക്കുന്നതു ഭാഗ്യമാണ്. മാത്രമല്ല, എന്റെ മരണത്തിന് ഇനിയും മണിക്കൂറുകൾ ബാക്കിയുണ്ട്. അത്രയും സമയംകൂടി എനിക്ക് ആഘോഷിക്കാം. ഉത്തരവു റദ്ദാക്കി രാജാവ് പറഞ്ഞു: മരണത്തെ പേടിയില്ലാത്തവനെ തൂക്കിലേറ്റുന്നതിൽ എന്തർഥം.

വർത്തമാനകാലത്തിൽ വിഹരിക്കുന്നവർക്കു മാത്രമാണ് ജീവിതം രസച്ചരടുകളിൽ കോർത്തിണക്കാനാകുക. തൽസമയം മാത്രമാണ് യാഥാർഥ്യം. മുൻപുള്ളവ കഴിഞ്ഞുപോയി. വരാനുള്ളവയെക്കുറിച്ച് ഉറപ്പുമില്ല. ഇന്നലെയോടും നാളെയോടുമുള്ള അനാരോഗ്യകരമായ അഭിനിവേശമാണ് ഇന്നിന്റെ സ്വാതന്ത്ര്യം ഇല്ലാതാക്കുന്നത്.

തലേദിവസത്തിന്റെ മന്ദതയിലായിരിക്കുന്ന ഒരാളും പിറ്റേദിവസത്തിന്റെ തീക്ഷ്ണത ആസ്വദിക്കില്ല. എന്നോ നടന്ന ദുരനുഭവത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന ഒരാളും പിന്നീടു നടന്ന ഒരു സന്തോഷാനുഭവത്തെയും സ്വീകരിക്കില്ല. ഒരിക്കലുണ്ടായ വിജയാഹ്ലാദത്തിൽ മതിമറന്നു നിൽക്കുന്ന ഒരാളും അതിനെക്കാൾ മികച്ചതൊന്ന് പിന്നീടൊരിക്കലും കരസ്ഥമാക്കിയിട്ടില്ല.

നല്ലകാലം നാളെ വരും എന്നു വിശ്വസിച്ചു കാത്തിരിക്കുന്നവർ എന്നും കഷ്ടകാലത്തിലായിരിക്കും. മൂന്നു തരത്തിൽ ആളുകൾ ജീവിക്കുന്നുണ്ട്. ഭൂതകാലത്തിലും ഭാവികാലത്തിലും വർത്തമാനകാലത്തിലും. അതതു നിമിഷത്തെ സന്തോഷത്തെയും സംതൃപ്തിയെയും തിരിച്ചറിയുന്നവർക്കു മാത്രമാണ് ഓർത്തിരിക്കാനൊരു ഭൂതകാലവും പ്രതീക്ഷിക്കാനൊരു ഭാവികാലവും ഉണ്ടാകുക.

# പരസ്പരം മാനിക്കാം

ശാസ്ത്രജ്ഞൻ ദൈവത്തോടു പറഞ്ഞു: ''ഇനി താങ്കളുടെ ആവശ്യമില്ല. നീ ആദിയിൽ ചെയ്ത കാര്യം പോലും ഞങ്ങൾക്ക് ഇനി ചെയ്യാൻ കഴിയും. നീ മണ്ണു കുഴച്ച് ശ്വാസമൂതിയല്ലേ മനുഷ്യനെ സൃഷ്ടിച്ചത്. ഞങ്ങൾക്കും അതറിയാം''. ആ വിദ്യ കാണിച്ചുതരുമോയെന്നു ദൈവം ചോദിച്ചു. ശാസ്ത്രജ്ഞൻ ദൈവത്തെയും കൂട്ടി ഒരു പാടത്തെത്തി. ചെളി കുഴച്ച് മനുഷ്യന്റെ രൂപമുണ്ടാക്കാൻ തുടങ്ങിയപ്പോൾ ദൈവം ഇടപെട്ടു പറഞ്ഞു: ''ഞാനുണ്ടാക്കിയ മണ്ണ് നീ എടുക്കരുത്. നീ തന്നെയുണ്ടാക്കിയ മണ്ണു വേണം എടുക്കാൻ''.



മറ്റുള്ളവരെ തോൽപിക്കാനിറങ്ങുന്നവരെല്ലാം മറക്കുന്ന ചില സത്യങ്ങളുണ്ട്. ആരും ആരുടെയും സഹായമില്ലാതെയല്ല വളർന്നത്. അപരന്റെ വളർച്ച ആർജിക്കാൻ ശ്രമിക്കുമ്പോൾ സ്വയവളർച്ച മുരടിക്കുകയാണ്. നശീകരണ മനോഭാവം രൂപപ്പെട്ടാൽ വികൃതമാകുന്നത് സ്വന്തം ശരീരവും മനസ്സുമാണ്.

ആരാണു വലുത്, ആർക്കാണു മികവു കൂടുതൽ തുടങ്ങിയ അനാരോഗ്യ ചിന്തകളിലൂടെ വളരുന്നവർക്ക് എപ്പോഴും ആരെയെങ്കിലും തോൽപിച്ചുകൊണ്ടിരിക്കണം. അതിലൂടെ ലഭിക്കുന്ന മനസ്സുഖം മാത്രമാണ് അവർ വിജയമായി ചിത്രീകരിക്കുക.

സ്വയംപര്യാപ്തത സാങ്കൽപിക പദം മാത്രമാണ്. സ്വന്തമാകുന്നതൊന്നും സ്വന്തമല്ല. പണമുള്ളതിന്റെയോ കഴിവുള്ളതിന്റെയോ പേരിൽ വന്നുചേരുന്നുവെന്നേയുള്ളൂ. എത്ര വലിയ ആഡംബരക്കാർ സ്വന്തമാക്കിയവനും മെക്കാനിക്കിനെ ആശ്രയിക്കേണ്ടി വരും. എവറസ്റ്റ് കീഴടക്കിയവനും സാങ്കേതിക ഉപകരണങ്ങൾ നിർമിച്ചവനെ ആശ്രയിച്ചിട്ടുണ്ട്. ആർക്കും അവകാശം പറയാനില്ലാത്ത വായുവും വെള്ളവുമുപയോഗിച്ചാണു ജീവൻപോലും നിലനിർത്തുന്നത്.

പരസ്പരബഹുമാനത്തോടെ നിലനിൽക്കുക എന്നതാണ് ആവാസവ്യവസ്ഥ സംരക്ഷിക്കപ്പെടാനുള്ള മാർഗം. ആരും അനിവാര്യരല്ല, ആരെയും ഒഴിവാക്കാനുമാകില്ല. എല്ലാവരുടെയും തനിമ ഒരുമിച്ചു ചേരുമ്പോൾ അവിടെ അസാധാരണമായ തിളക്കമുണ്ടാകും.

# അടയാളപ്പെടുത്താം, ജീവിതം

അയാൾ അതിസമ്പന്നനാണ്. ഒരു ദിവസം സുഹൃത്ത് അദ്ദേഹത്തിന്റെ അടുത്തെത്തി പറഞ്ഞു: നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ധനികൻ രാവിലെ മരിച്ചു. അതു കേട്ടപ്പോൾ മുതൽ അദ്ദേഹത്തിനു മരണഭയമായി. അസുഖം ബാധിച്ചു കിടപ്പിലായി. മരുന്നൊന്നും ഫലിച്ചില്ല. ആ സമയത്താണ് യാത്രികനായ പണ്ഡിതൻ അവിടെയെത്തിയത്. എല്ലാംകേട്ട അദ്ദേഹം പറഞ്ഞു: ഈ അസുഖം വളരെ വേഗം ഭേദമാക്കാം. മരണഭയം വരുമ്പോഴൊക്കെ ഈ വാചകം ഉറക്കെപ്പറയുക. 'മരിക്കുന്നതുവരെ എനിക്കു ജീവിക്കണം'. ഞാൻ ഏഴാം ദിനം വീണ്ടും വരുന്നതുവരെ ഇതു തുടരണം. കുറെ നന്മ പ്രവൃത്തികളും ചെയ്യണം.



ഏഴു ദിവസം കഴിഞ്ഞ് പണ്ഡിതൻ എത്തിയപ്പോൾ ധനവാൻ പറഞ്ഞു: താങ്കളുടെ മരുന്നു ഫലിച്ചു. എന്തായാലും ഒരു ദിവസം മരണം വരും. അന്നു മാത്രമേ ഞാൻ മരിക്കൂ.

എന്നു മരിക്കും എന്നതല്ല, എന്നുവരെ ജീവിക്കും എന്നതാണ് പ്രധാനം. ചിലർ അവസാനശ്വാസംവരെ ജീവിക്കും. ചിലർ മരണശേഷവും ജീവിക്കും. ചിലർക്കു ജീവനുണ്ടായിരുന്നു എന്നതിന് ഒരു തെളിവുപോലുമുണ്ടാകില്ല. ഉത്സാഹത്തോടെ ഉണരുന്നവരുണ്ട്. ഉറങ്ങാൻവേണ്ടി ഉണരുന്നവരുമുണ്ട്. ഉത്സാഹഭരിതരിലൂടെയാണ് ഊർജം പ്രവഹിക്കുന്നത്. അവരുടെ ഓരോ ചുവടിലും നന്മയുടെയോ വിശുദ്ധിയുടെയോ സാമർഥ്യത്തിന്റെയോ മൃദുസ്പർശമുണ്ടാകും. അവർ ഒന്നിനുവേണ്ടിയും കാത്തുനിൽക്കില്ല, എന്തിനുവേണ്ടിയും മുന്നിട്ടിറങ്ങും. ഉറങ്ങാൻവേണ്ടി ഉണരുന്നവർക്കു സൂര്യാസ്തമയത്തിൽ മാത്രമാണ് വിശ്വാസം. എങ്ങനെയും ഒരുദിനംകൂടി പൂർത്തിയാക്കുക എന്നതിലാണ് അവരുടെ ആശ്വാസം. ശ്വാസോച്ഛ്വാസം അധ്വാനമുള്ള പ്രവൃത്തിയായിരുന്നെങ്കിൽ എത്രപേർ എത്രനാൾ അതിനു മുതിരുമായിരുന്നു. ദിനചര്യകളും അനുഷ്ഠാനങ്ങളും പൂർത്തിയാക്കി വിരമിക്കുന്നതിലാണ് ഭൂരിഭാഗം പേർക്കും താൽപര്യം.

അനാരോഗ്യകരവും അപക്വവുമായ ചിന്തകൾ മരണത്തെപ്പോലും ക്ഷണിച്ചുവരുത്തും. മറ്റുള്ളവരുടെ മുൻപിലും മുകളിലും എത്താനുള്ള യത്നം മാത്രമായി ജീവിതം ചുരുങ്ങുമ്പോൾ മരണത്തിൽ പോലും സമാനതകൾ കണ്ടെത്താൻ ശ്രമിക്കും. അവനവന്റെ ജീവിതം ജീവിക്കാനറിയില്ലാത്തവർ അപരന്റെ ജീവിതത്തിലും മരണത്തിലുമെത്തിച്ചേരും. ജീവിച്ചിരിക്കുന്നതിന്റെ അടയാളപ്പെടുത്തലുകൾ ഓരോ പ്രവൃത്തിയിലുമുണ്ടെങ്കിൽ എല്ലാ ജീവിതങ്ങളും പ്രചോദനകരവും അപരനു മാർഗദർശകവുമാകും.

# പുറംതിരിഞ്ഞു നിൽക്കണോ?

ആനയും കുരങ്ങും തങ്ങളുടെ കഴിവുകളെക്കുറിച്ച് എന്നും വഴക്കായിരുന്നു. എല്ലാം കേട്ടുകൊണ്ടിരുന്ന പരുന്ത് അവരോടു പറഞ്ഞു: നമുക്കൊരു മത്സരം നടത്തി മിടുക്കനെ കണ്ടെത്താം. തൊട്ടപ്പുറത്തെ കാടിനു നടുവിലുള്ള സ്വർണമരത്തിലെ പഴം കൊണ്ടുവരുന്ന ആളായിരിക്കും വിജയി. രണ്ടുപേരും ഓടി. അവർക്ക് ഒരു നദി മുറിച്ചുകടക്കണമായിരുന്നു. ആദ്യമിറങ്ങിയ കുരങ്ങൻ ഒഴുക്കിൽപ്പെട്ടു. ആന തന്റെ തുമ്പിക്കൈകൊണ്ട് കുരങ്ങിനെ തോളിലിരുത്തി. കുരങ്ങൻ അതൊട്ടും പ്രതീക്ഷിച്ചതല്ലായിരുന്നു. രണ്ടുപേരും വീണ്ടുമോടി. സ്വർണമരത്തിന് അടുത്തെത്തിയപ്പോൾ പഴം വളരെ ഉയരത്തിലാണ്. ആന തുമ്പിക്കൈകൊണ്ട് ചില്ല ഒടിക്കാൻ നോക്കിയെങ്കിലും നടന്നില്ല. കുരങ്ങൻ ചാടിക്കയറി പഴം പറിച്ചു. രണ്ടുപേരും തിരിച്ചെത്തി പറഞ്ഞു: മത്സരത്തിൽ വിജയി ഇല്ല. ഞങ്ങൾ രണ്ടുപേരുംകൂടി ശ്രമിച്ചിട്ടാണ് പഴം കിട്ടിയത്.



അഹംബോധം അഴിയുന്നതും അഴിയേണ്ടതുമായ ചില നിമിഷങ്ങളുണ്ട്. അത് അപരന്റെ നിസ്സഹായതയിലാകാം, സ്വന്തം ഉയർച്ചയിലാകാം. ആ നിമിഷത്തിലാണ് തുടർജീവിതത്തിലെ ഏറ്റവും മനോഹരമായ ബന്ധം ഉടലെടുക്കുക. പരസ്പരം ആശ്രയമാകാതെ മുന്നോട്ടുപോകാനാകില്ല എന്ന നിർണായക നേരത്താണ് അപരനോടുള്ള ഉൾപ്പക അലിഞ്ഞില്ലാതാകുന്നത്. ആ തിരിച്ചറിവ് അത്യാഹിതം സംഭവിക്കുമ്പോൾ മാത്രമുണ്ടാകാതെ ദിനവൃത്താന്തങ്ങളിലെല്ലാം രൂപപ്പെട്ടിരുന്നെങ്കിൽ എത്ര ക്രിയാത്മകമായേനെ ഓരോ വ്യവഹാരവും. ആരും ആശ്രിതരുമല്ല, സ്വാശ്രയരുമല്ല. ഓരോരുത്തരുടെയും കഴിവുകളിലും കുറവുകളിലും പരസ്പരം വിശ്വസിക്കുകയും സഹവസിക്കുകയും ചെയ്യുക എന്നതിലാണ് ആത്മബന്ധങ്ങളുടെ തുടക്കം. പിരിഞ്ഞുപോയവർക്ക് തിരിച്ചുവരണമെന്നും അകന്നു നിൽക്കുന്നവർക്ക് ചേർന്നിരിക്കണമെന്നും ആഗ്രഹമുണ്ടാകും. രണ്ടു കൂട്ടരുടെയുമിടയിലുള്ള മഞ്ഞുരുകണമെന്നുമാത്രം.

ഒന്നു കൈകൊടുത്താൽ തിരിച്ചുപിടിക്കാൻ പറ്റുമെങ്കിൽ എന്തിനാണ് പുറംതിരിഞ്ഞു നിൽക്കുന്നത്. നിസ്സാരപ്രശ്നങ്ങൾ പറഞ്ഞുതീർക്കാനുള്ള വേദികളോ സാഹചര്യങ്ങളോ ഉടലെടുത്തിരുന്നെങ്കിൽ ഒറ്റയ്ക്കായിപ്പോയ പലരും തങ്ങളുടെ സംഘപ്രവർത്തനങ്ങളിലൂടെ അദ്ഭുതങ്ങൾ സൃഷ്ടിച്ചേനെ. എന്നോ ജന്മമെടുത്ത എതിർപ്പുകൾ ഒരായുസ്സു മുഴുവൻ നിലനിർത്തുന്നതുകൊണ്ടാണ് ഒരുമിച്ചുള്ള വിജയം പലപ്പോഴും സാങ്കൽപികമാകുന്നത്.

# കാരണം കൂടാതെ സ്നേഹിക്കാം



വിവാഹം കഴിഞ്ഞ് അധികനാളാകും മുൻപേ അവൾക്കു ത്വക്‌രോഗം ബാധിച്ചു. ഭർത്താവ് തന്നെ വെറുക്കുമോ എന്നു ഭയന്നാണ് അവൾ കഴിയുന്നത്. അതിനിടെ, അപകടത്തിൽ ഭർത്താവിന്റെ കാഴ്ച നഷ്ടപ്പെട്ടു. മാസങ്ങൾക്കകം ഭാര്യയുടെ രോഗം ഗുരുതരമായെങ്കിലും അന്ധനായ ഭർത്താവിന് അതു തിരിച്ചറിയാനായില്ല. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഭാര്യ മരിച്ചു. നിരാശനായി അയാൾ ഗ്രാമം വിടാനൊരുങ്ങിയപ്പോൾ അയൽവാസി ചോദിച്ചു: അന്ധനായ താങ്കൾ മറ്റൊരു സ്ഥലത്തുപോയി എങ്ങനെ ഒറ്റയ്ക്കു താമസിക്കും ? അയാൾ പറഞ്ഞു: ഞാൻ അന്ധനല്ല, ത്വക്‌രോഗം ശ്രദ്ധയിൽപ്പെടാതിരിക്കാൻ ഭാര്യ എന്നിൽനിന്ന് ഒഴിഞ്ഞുമാറുന്നതു കണ്ടപ്പോൾ ഞാൻ അന്ധനെപ്പോലെ പെരുമാറിയതാണ്.

ആത്മവിശ്വാസം സംരക്ഷിക്കുന്ന ആളാണ് യഥാർഥ രക്ഷാകർത്താവ്. സ്വയം രൂപപ്പെടുത്തുന്ന അഭിമാനപ്രശ്നങ്ങളിലൂടെയാണ് ഓരോരുത്തരുടെയും യാത്ര. സ്വന്തം ദുർബലസ്ഥാനങ്ങളിൽ ഒരിളക്കം തട്ടിയാൽ പലരും തകർന്നുവീഴും. അതു സൗന്ദര്യമാകാം, സ്ഥാനമാകാം, സമ്പത്താകാം. എല്ലാം ആനുപാതിക അളവിലുള്ളപ്പോൾ എല്ലാവരുമുണ്ടാകും. എന്തെങ്കിലുമൊന്ന് ഇല്ലാതാകുമ്പോൾ അതു നോക്കിനിന്നവരിൽ പലരും അപ്രത്യക്ഷരാകും. സ്നേഹിക്കാനും ബഹുമാനിക്കാനുമുള്ള എല്ലാ കാരണങ്ങളും അവസാനിക്കുമ്പോഴും ഒരാൾ കൂടെയുണ്ടാകുക എന്നതു ഭാഗ്യമാണ്. ഒരു കാരണവും കണ്ടെത്താൻ കഴിയാത്തപ്പോഴും സ്നേഹിക്കാൻ സ്നേഹമുള്ളവർക്കു മാത്രമേ കഴിയൂ. ഒരാളെ എപ്പോഴാണ് സ്നേഹിക്കേണ്ടത്? അവർ ആ സ്നേഹം ഒട്ടും അർഹിക്കാത്തപ്പോൾ, സ്നേഹം നഷ്ടപ്പെടുമെന്ന ഭീതി അയാൾക്കുണ്ടാകുമ്പോൾ. ഒരാളെ എങ്ങനെയാണ് സ്നേഹിക്കേണ്ടത്? അയാളുടെ മുൻഗണനകളെയും ദൗർബല്യങ്ങളെയും മനസ്സിലാക്കി. സ്വയം മതിപ്പു നഷ്ടപ്പെട്ടയാൾ തന്നെപ്പോലും സ്നേഹിക്കില്ല. അവരെ ആത്മസ്നേഹത്തിലേക്കു തിരിച്ചുകൊണ്ടുവരാനുള്ള ഏകവഴി അവർക്കൊപ്പം അവർ ഇഷ്ടപ്പെടുന്ന വിധം ആയിരിക്കുക എന്നതു മാത്രമാണ്.

ഓരോ ബന്ധവും സ്വയം പാകപ്പെടുത്തലാണ്, രൂപാന്തരമാണ്. ഒരേ രീതിയിൽ നിലനിൽക്കുന്ന രണ്ടാമതൊരു ബന്ധം ഉണ്ടാകില്ല. എല്ലാറ്റിന്റെയും ചേരുവകളും സമവാക്യങ്ങളും വ്യത്യസ്തമാണ്. ഓരോ ബന്ധത്തിനും അനുയോജ്യമായവിധം മനോഭാവത്തെയും പ്രവൃത്തിയെയും ക്രമപ്പെടുത്തുക എന്നതാണ് സ്നേഹിക്കുന്നവരുടെ ഉത്തരവാദിത്തം.

ശുഭദിനം 25-03-2023

# വാഗ്ദാനങ്ങളിൽ വീഴും മുൻപ്...



ഭൂതത്തെ വിൽക്കാനെത്തിയ ഗുരു പറഞ്ഞു: എത്ര ബുദ്ധിമുട്ടുള്ള ജോലിയും ഇവൻ നിഷ്പ്രയാസം ചെയ്യും. ഒരു വർഷത്തെ ജോലി ഒരു ദിവസംകൊണ്ടു ചെയ്തു തീർക്കും. എല്ലാം കേട്ടുനിന്ന ധനികൻ വില ചോദിച്ചപ്പോൾ ഗുരു പറഞ്ഞു: 500 രൂപ മാത്രം. വിലക്കുറവിന്റെ കാരണമന്വേഷിച്ചപ്പോൾ മറുപടി ഇതായിരുന്നു: എപ്പോഴും എന്തെങ്കിലും പണി ഭൂതത്തിനു കൊടുക്കണം. ഒരു പണിയുമില്ലാതെ വന്നാൽ അത് ഉടമയെ തിന്നും. തനിക്കു ധാരാളം ജോലികൾ ഉണ്ടെന്ന അഹങ്കാരത്തിൽ ധനികൻ ഭൂതത്തെ വാങ്ങി. പക്ഷേ, അത് അസാധാരണവേഗത്തിൽ പണികൾ ചെയ്തു. തന്റെ ജീവൻ അപകടത്തിലാകുമെന്നു മനസ്സിലായ ധനികൻ ഗുരുവിനോടു സഹായം ചോദിച്ചു. അദ്ദേഹം പറഞ്ഞു. ഭൂതത്തോട് മുറ്റത്തു നിൽക്കുന്ന മുളയിൽ കയറുകയും ഇറങ്ങുകയും ചെയ്യാൻ പറയുക. ജോലിയില്ലാത്തപ്പോഴെല്ലാം അതായിരിക്കും അവന്റെ ജോലി. ധനികൻ അങ്ങനെ ജീവൻ രക്ഷിച്ചു.

മൂല്യവും വിലയും തമ്മിൽ പൊരുത്തക്കേട് ഉള്ളവയിലെല്ലാം അപകടമോ ഉപയോഗശൂന്യതയോ ഒളിഞ്ഞിരിപ്പുണ്ട്. ഓരോന്നിനും അതർഹിക്കുന്ന വിലയുണ്ട്. അത് ഉൽപാദനത്തെയും ഉപയോഗത്തെയും ആശ്രയിച്ചിരിക്കും. അതിൽ കൂടുതൽ വിലയുള്ളതെല്ലാം ആഡംബരവും കുറഞ്ഞ വിലയുള്ളതെല്ലാം ആപൽക്കരവുമായിരിക്കും. അധികവില നൽകുന്നവയ്ക്കെല്ലാം അധികവൈശിഷ്ട്യം ഉണ്ടാകുമെന്നും താണവില നൽകുന്നവയ്ക്കെല്ലാം അധികലാഭമുണ്ടാകുമെന്നുമുള്ള ധാരണകൾ ഒരുപോലെ ബുദ്ധിശൂന്യമാണ്. ഇളവുകളുടെയും സൗജന്യങ്ങളുടെയും പിന്നാമ്പുറങ്ങളിൽ പലവിധ ഉദ്ദേശ്യങ്ങളുണ്ടാകും. നശിക്കുന്നതിനു മുൻപേ വിറ്റുതീർക്കാനും ബാധ്യതയായതിനെ ഒഴിവാക്കാനും അപരന്റെ മോഹങ്ങളെ ചൂഷണം ചെയ്യാനുമെല്ലാമുള്ള തന്ത്രങ്ങൾ അത്തരം വാഗ്ദാനങ്ങളിലുണ്ടാകും. എണ്ണവും ഗുണനിലവാരവും മുന്നിൽ വരുമ്പോൾ എന്തു തിരഞ്ഞെടുക്കുന്നു എന്നതിലാണ് ജീവിതത്തിന്റെ വൈശിഷ്ട്യം അടങ്ങിയിരിക്കുന്നത്. അവശിഷ്ടങ്ങളുടെ അളവ് അധികമെങ്കിൽ കൊടുക്കൽ വാങ്ങൽ പ്രക്രിയയുടെ നിലവാര പരിശോധന നടത്തുന്നതു നല്ലതാണ്.

ശുഭദിനം 27-03-2023

# കരുതലോടെ കടന്നുപോകാം



ആത്മസുഹൃത്തുക്കളായ തുകൊണ്ട് പരസ്പരമുള്ള വീടുസന്ദർശനവും രാത്രി സംഭാഷണവും അവർക്കു ശീലമായിരുന്നു. അന്നു സുഹൃത്തിനെത്തേടി ഇറങ്ങിയപ്പോൾതന്നെ സമയം രാത്രിയായി. ശക്തമായ കാറ്റും മഴയുമായിരുന്നതിനാൽ വെളിച്ചമില്ല. എന്നും പോകുന്ന വഴിയായതിനാൽ അയാൾക്ക് ആത്മവിശ്വാസമുണ്ടായിരുന്നു. കുറെനേരം നടന്നിട്ടും വീട് എത്താത്തതുകൊണ്ട് അയാൾക്കു സംശയമായി. എങ്കിലും നടപ്പു തുടർന്നു. പെട്ടെന്നു മിന്നലുണ്ടായി. ആ വെളിച്ചത്തിൽ അയാൾ ഒരു കാര്യം മനസ്സിലാക്കി. അടുത്ത ചുവടുവയ്ക്കുന്നത് കൊക്കയിലേക്ക് ആകുമായിരുന്നു. പരിസരം മനസ്സിലാക്കിയ അയാൾ ശരിയായ ദിശയിലേക്കു നടന്നു.

സ്ഥിരം വഴികളിലെ അപകടങ്ങളാണ് കൂടുതൽ ഭയാനകം. അപരിചിത പാതകളിൽ എല്ലാവരും കൂടുതൽ ശ്രദ്ധാലുക്കളാകും. എല്ലാ ഇന്ദ്രിയങ്ങളും കൂടുതൽ പ്രവർത്തനക്ഷമമാകും. എന്നും നടക്കുന്ന വഴികളെക്കുറിച്ചു മുൻധാരണ രൂപപ്പെടും. തനിക്കു സ്വയംഭരണാവകാശമുള്ള പ്രദേശത്ത് തന്നെ അപകടത്തിലാക്കുന്ന ഒന്നിനെയും ആരും പ്രതീക്ഷിക്കില്ല. എത്ര മുന്നറിയിപ്പുകൾ കിട്ടിയാലും അവയെല്ലാം അവഗണിച്ച് യാത്ര തുടരും. അധികനാൾ സഞ്ചരിച്ചതിന്റെ ആത്മവിശ്വാസം താണ്ടാനുള്ള വഴികളെ സുരക്ഷിതമാക്കണമെന്നില്ല. അസാധാരണവും അപ്രതീക്ഷിതവുമായ അനേകം പാതകളും ആളുകളും വഴിയിൽ കണ്ടേക്കാം. ചിലപ്പോൾ ചലനശേഷി നഷ്ടപ്പെട്ടേക്കാം. ചിലപ്പോൾ കാഴ്ച ഇല്ലാതായേക്കാം. ഒരു വഴിയും എന്നും ഒരുപോലെയല്ല. അന്തരീക്ഷവും ആളുകളും മാറുന്നുണ്ട്.

നിരന്തരം സഞ്ചരിക്കുന്നവർക്കുപോലും പുതുചുവടുകളും പുത്തൻ മനോഭാവങ്ങളും ആവശ്യമാണ്. എന്നും നടക്കുന്ന വഴികളെക്കുറിച്ച് എല്ലാമറിയാമെന്ന ധാരണയാണ് ആദ്യം തിരുത്തേണ്ടത്. അനുദിന വഴികളാണ് എന്നും അജ്ഞാതമായി തുടരുന്നത്. എന്നും കൂടെയുള്ളവരെക്കുറിച്ച് എന്തുമാത്രം അറിയാം? എന്നും ചെയ്യുന്ന പല കാര്യങ്ങളും ആത്മാവില്ലാത്ത ദിനചര്യകളായി അവസാനിക്കുകയല്ലേ? ദിനവും യാത്രചെയ്യുന്ന വഴികളിൽ ഒരിക്കലും കാണാത്ത കാഴ്ചകളുണ്ടാകില്ലേ? കരുതലോടെ കടന്നുപോകുകയാണ് പ്രധാനം. കാലത്തിനനുസരിച്ചും കൈകാര്യം ചെയ്യപ്പെടുന്നതിനനുസരിച്ചും എല്ലാറ്റിനും രൂപാന്തരം സംഭവിക്കുമെന്നു തിരിച്ചറിഞ്ഞ് ജാഗ്രതയോടെ വ്യാപരിക്കുക എന്നതാണു പരിഹാരം.

ഒന്നു മിന്നി അപ്രത്യക്ഷമാകുന്ന വെളിച്ചത്തെ അവഗണിക്കേണ്ട. ആ ഒരു മിന്നൽകൊണ്ട് ഭൂതവും ഭാവിയും ഒരുപോലെ ദൃശ്യമായേക്കാം.

# വാക്കുകൊണ്ട് വീഴ്ത്തരുത്



കപ്പൽ യാത്രയ്ക്കിടയിൽ വയോധികൻ സുഹൃത്തിനോടു പറഞ്ഞു: ആ നാവികൻ എന്റെ മകളെയുംകൊണ്ടുപോയിട്ട് ഇന്നു മുപ്പതു വർഷമായി. ഞാൻ രണ്ടുപേരെയും മനസ്സറിഞ്ഞ് ശപിച്ചു. കാരണം അവളായിരുന്നു എന്റെ ലോകം. അധികനാൾ കഴിയുംമുൻപേ ഒരപകടത്തിൽ രണ്ടുപേരും കടലിന്റെ അഗാധതയിലേക്കു പോയി. ഇന്ന് എന്റെ കുഴിമാടത്തിലേക്കു ഞാനടുക്കുമ്പോൾ എനിക്കറിയാം, എന്റെ ശാപമാണ് അവരുടെ ജീവൻ നഷ്ടമാക്കിയതെന്ന്. എനിക്കു ദൈവത്തോടു ക്ഷമ ചോദിക്കണം. എല്ലാം കേട്ട സുഹൃത്ത് പറഞ്ഞു: ഇപ്പോഴും ശാപവാക്കുകളുടെ കഴിവിൽ നിങ്ങൾ വിശ്വസിക്കുന്നു എന്നതാണ് എന്നെ അദ്ഭുതപ്പെടുത്തുന്നത്.

ആരുടെയെങ്കിലും ദേഷ്യത്തിൽനിന്നോ ഇഷ്ടത്തിൽനിന്നോ പുറപ്പെടുന്ന വാക്കുകളെ സാധൂകരിക്കാൻ പ്രകൃതിക്കു താൽപര്യമുണ്ടാകുമോ എന്നറിയില്ല. എങ്കിലും ഒരാളുടെ വാക്കുകൾക്ക് അപരന്റെ ചിന്തകളെയും പ്രവൃത്തികളെയും സ്വാധീനിക്കാൻ കഴിയുമെന്നുറപ്പാണ്. എന്നോ കേട്ട വാക്കുകളുടെ ഊർജത്തിൽ ഒരായുസ്സ് മുഴുവൻ പിടിച്ചുനിൽക്കുന്നവരുണ്ട്. ആരോ ചൊരിഞ്ഞ പാഴ്‌വാക്കുകളുടെ പേരിൽ ജീവിതം നിർജീവമാക്കിയവരുമുണ്ട്. ശാപവചനങ്ങൾ ഉരുവിടുന്നവർക്ക് രണ്ടു പ്രത്യേകതകളുണ്ട്. ഒന്ന്, അവർ തന്നിഷ്ടങ്ങളെ മാത്രം അംഗീകരിക്കുന്നവരായിരിക്കും. എല്ലാവരെയും തന്റെ ഇംഗിതങ്ങളിലേക്ക് അവർ വലിച്ചടുപ്പിക്കും. അതിനു തയാറാകാത്തവരെ ശപിച്ചു പുറത്തുകളയും. രണ്ട്, അവർക്കു തങ്ങളുടെ നശീകരണശേഷിയിൽ അമിതവിശ്വാസമുണ്ടാകും. തന്നെ അനുസരിക്കാത്തവർ തകർന്നടിഞ്ഞതിന്റെ ഉദാഹരണങ്ങളായിരിക്കും അവരുടെ ആത്മകഥയിൽ നിറഞ്ഞുനിൽക്കുക. ആരും മറ്റൊരാളുടെയും ശാപം അർഹിക്കുന്നില്ല.

എല്ലാവർക്കും അവരുടേതായ സ്വതന്ത്രശൈലികളും വഴികളുമുണ്ട്. അവയെ ബഹുമാനിക്കാൻ പഠിക്കുക എന്നതാണ് ശാപവാക്കുകളുടെ മൊത്തക്കച്ചവടം നടത്തുന്നവർ ശ്രദ്ധിക്കേണ്ടത്. ആർക്കും മറ്റൊരാളെ ശപിക്കാനുള്ള അവകാശമില്ല. പുഴ അതിന്റെ ഇഷ്ടത്തിനൊഴുകുന്നതിനു തീരം പരിഭവിച്ചിട്ടെന്തു കാര്യം?.

# മായക്കാഴ്ചകളിൽ വീഴരുത്



കുറുക്കൻ രാവിലെ എഴുന്നേറ്റപ്പോൾ തന്റെ വലിയ നിഴൽ കണ്ടു. പലയിടങ്ങളിലേക്കു മാറിനിന്ന് നോക്കിയപ്പോഴും നിഴലുണ്ടായിരുന്നു. കുറുക്കൻ അഹങ്കാരത്തോടെ പറഞ്ഞു: ഇന്നെന്തായാലും ഈ ഒട്ടകത്തെ തിന്നണം. ഉച്ചവരെ ഒട്ടകത്തെ നോക്കി നടന്നെങ്കിലും കണ്ടില്ല. ഉച്ചയായപ്പോൾ കുറുക്കന്റെ ശ്രദ്ധ വീണ്ടും നിഴലിലായി. അതു വളരെ ചെറുതായിരുന്നു. കുറുക്കൻ പറഞ്ഞു: ഇനി ഈ എലിയെയെങ്കിലും കിട്ടിയാൽ മതിയായിരുന്നു.

മായയാണ് ഏറ്റവും വലിയ പ്രലോഭനം. ഉണ്ടെന്നു തോന്നിപ്പിക്കുകയും ഇല്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒന്നാണത്. മോഹം ജനിപ്പിച്ച് ആളുകളെ തന്നിലേക്ക് അതാകർഷിക്കും. എന്തിനെയാണോ ആഗ്രഹിച്ചത് അത് എന്നെങ്കിലും ലഭിക്കാതിരിക്കില്ല എന്ന തെറ്റിദ്ധാരണയിൽ കൊളുത്തി മായ ദീർഘദൂരം സഞ്ചരിക്കും. പ്രപഞ്ചത്തിലില്ലാത്തതിനെ തേടിയുള്ള യാത്രയിലല്ല പലരും അപകടത്തിൽപെടുന്നത്; തനിക്കില്ലാത്തവയെയെല്ലാം സ്വന്തമാക്കാനുള്ള മൂഢശ്രമത്തിലാണ്. എല്ലാം എല്ലാവർക്കും അനുവദനീയമല്ല. ഇതുവരെ നേടാത്തതെല്ലാം നേടാനാണ് ഇനിയുള്ള ജീവിതമെന്നും അപരനുള്ളതെല്ലാം സ്വന്തമാക്കാത്തിടത്തോളം കാലം ജീവിതം നിരർഥകമാകുമെന്നുമുള്ള അപകടചിന്തകളാണ് അനുദിന ജീവിതത്തിന്റെ ശോഭ കെടുത്തുന്നത്. അവസാനകാലത്തുപോലും ശോകമൂകമായിരിക്കുന്നവരോട് അവരുടെ ദുഃഖകാരണമന്വേഷിച്ചാൽ, വേണ്ടാത്തതിനെ അന്വേഷിച്ചു നടന്നതിന്റെയും വേണ്ടതിനെ തിരിച്ചറിയാതെ പോയതിന്റെയും കഥകളായിരിക്കും പങ്കുവയ്ക്കുക.

ഇല്ലാത്തതു പലതും ഉണ്ടെന്നു കരുതി സ്വയം ആനന്ദിക്കുകയോ ഭയപ്പെടുകയോ ചെയ്യുകയാണ് മനസ്സിന്റെ വിനോദം. മതിഭ്രമങ്ങളുടെ പിന്നാലെ പോകുമ്പോഴാണ് യാഥാർഥ്യങ്ങൾ നഷ്ടമാകുന്നത്; അതു ലഹരിയായാലും ആഗ്രഹങ്ങളായാലും. അനാരോഗ്യകരമായ ആനന്ദാനുഭൂതികളുടെ പിന്നാലെ പായുന്ന എല്ലാവർക്കും തങ്ങളർഹിക്കുന്ന സന്തോഷങ്ങൾക്കൂടി നഷ്ടമാകുകയേയുള്ളൂ.

മരീചിക ഒരു തോന്നലാണെന്നു തിരിച്ചറിയാത്തവർ വെള്ളമന്വേഷിച്ചിറങ്ങും. ഇല്ലാത്തവയുടെ പിറകെ ഓടുമ്പോഴുള്ള ഏറ്റവും വലിയ പ്രശ്നം ഉള്ളതുംകൂടി നഷ്ടമാകും എന്നതാണ്. നിഴലിനെ ആരാധിക്കുന്നവർക്കു പ്രകാശത്തിന്റെ ഭംഗി നഷ്ടമാകും.